പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 26.10.19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

996/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി. —പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,

(1) (4)-ാം ഉപവകുപ്പിൽ "ചെയർമാനും" എന്ന വാക്കിന് ശേഷം "വ്യവസായ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി വൈസ് ചെയർമാനും", എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിനു ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായും, അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കേണ്ടതാണ്.".

3. <u>5-ാം വകുപ്പിനുള്ള ഭേദഗതി.</u>—(1) പ്രധാന ആക്ടിലെ 5-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ (ആർ) ഇനത്തിനു പകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (ആർ) സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;".

(2) പ്രധാന ആക്ടിലെ 5-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ജില്ലാകളക്ടർ വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാനും, ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാര സ്ഥാനം കൺവീനർ ആയിരിക്കുന്നതും, സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.".

4. <u>10 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്ടിലെ 10-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10 എ. <u>സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡിന്റെയും വ്യവസായ പ്രദേശ ബോർഡിന്റെയും യോഗത്തിൽ ഹാജരാകുവാൻ വീഴ്ച വരുത്തുന്ന അംഗങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ ശുപാർശ ചെയ്യുന്നതിന് സംസ്ഥാന ബോർഡിന്റെ ചെയർമാനുള്ള അധികാരം.</u>—സംസ്ഥാന ബോർഡ് ചെയർമാന്, സ്വമേധയോ അല്ലെങ്കിൽ ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ റിപ്പോർട്ടിൻമേലോ, സംസ്ഥാന ബോർഡിലെയോ, ജില്ലാ ബോർഡിലെയോ, വ്യവസായ പ്രദേശ ബോർഡിലെയോ, അംഗങ്ങൾ ന്യായമായ കാരണങ്ങൾ കൂടാതെ, ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് ബോധ്യപ്പെടുന്ന പക്ഷം, അപ്രകാരമുള്ള അംഗങ്ങൾക്കെതിരെ കൃത്യവിലോപത്തിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി അപ്രകാരമുള്ള അംഗങ്ങളുടെ വകുപ്പ് മേധാവിയ്ക്ക് ശുപാർശ നൽകാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും അവയുടെ പുതുക്കലും വേഗത്തിൽ നൽകുന്നതിനും വ്യവസായ നഗരപ്രദേശവികസന അധികാരസ്ഥാനങ്ങളുടെ രൂപീകരണത്തിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്തു കൊണ്ടുള്ളതാണ് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5).

2. പ്രസ്തുത ആക്റ്റിൻ കീഴിൽ രൂപീകരിക്കപ്പെട്ട സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായും പ്രസ്തുത ആവശ്യത്തിലേക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുവാനും കൂടാതെ, സംസ്ഥാന ബോർഡ്, ജില്ലാ ബോർഡ്, വ്യവസായ പ്രദേശ ബോർഡ് എന്നിവയിലെ അംഗങ്ങൾ ന്യായമായ കാരണങ്ങൾ കൂടാതെ ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ പ്രസ്തുത അംഗങ്ങൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത അംഗങ്ങളുടെ വകുപ്പ് മേധാവിക്ക് ശിപാർശ ചെയ്യുന്നതിന് സംസ്ഥാന ബോർഡിന്റെ ചെയർമാന് അധികാരം നൽകുവാനും സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത ആവശ്യത്തിലേക്ക് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ്, മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും അനുബന്ധ വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് അനുയോജ്യമായി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പ് (7)-ാം ഉപവകുപ്പ്, സംസ്ഥാന ബോർഡിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിനായും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഈ ഇനത്തിൽ ഉണ്ടാകുന്ന അനാവർത്തകവും ആവർത്തകവുമായ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കുവാൻ കഴിയുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പ് (7)-ാം ഉപവകുപ്പ്, സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായും അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കേണ്ട രീതിയും, അപ്രകാരം സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നത് ഏതൊക്കെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായാണെന്നും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഇ. പി. ജയരാജൻ.

# 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിൽ (2000 -ലെ 5) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3. സംസ്ഥാന ബോർഡ്.—(1) സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനു വേണ്ടി, സർക്കാരിന് വിജ്ഞാപനംമൂലം സംസ്ഥാനത്ത് കേരള ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

** ** ** **

(4) ഗവൺമെന്റ് ചീഫ് സെക്രട്ടറി സംസ്ഥാന ബോർഡിന്റെ ചെയർമാനും, കേരള സംസ്ഥാന വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സംസ്ഥാന ബോർഡിന്റെ കൺവീനറുമായിരിക്കുന്നതുമാണ്.

(6) സംസ്ഥാന ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ തേടുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുമായി ഏതൊരു വ്യക്തിയുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആൾക്ക് ആ ആവശ്യം സംബന്ധിച്ച് ഒരു പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അദ്ദേഹത്തെ സംസ്ഥാന ബോർഡിന്റെ അംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

** ** ** **

5. വ്യവസായ പ്രദേശ ബോർഡുകൾ.—(1) സംസ്ഥാനത്തെ വിവിധ വ്യവസായ പ്രദേശങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ, അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന് വിജ്ഞാപനംമൂലം, സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തിനും വേണ്ടി, വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡുകൾ എന്നു വിളിക്കുന്ന ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാവുന്നതാണ്.

** ** ** **

(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാരസ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(ജി) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർ;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ;

(ജെ) ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലെ ജില്ലാ ഓഫീസർ;

(കെ) അഗ്നി ശമന രക്ഷാ സേവന വകുപ്പിലെ ഡിവിഷണൽ ഓഫീസർ;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഒ) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(പി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സെക്രട്ടറി;

(ക്യൂ) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(ആർ) ബന്ധപ്പെട്ട വ്യവസായപ്രദേശത്തെ നിയുക്ത അധികാരസ്ഥാനം, സ്വകാര്യ പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ.";

(4) ജില്ലാ കളക്ടർ അതിന്റെ ചെയർമാനും ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനവും ആയിരിക്കുന്നതും, അല്ലെങ്കിൽ സ്വകാര്യ പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ വ്യവസായ കേന്ദ്ര ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.

**　　　　**　　　　**　　　　**

10. <u>ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകലും അതിന്റെ പുതുക്കലും.</u>—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റിന്റെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ ജില്ലാ ബോർഡുകളോ വ്യവസായ പ്രദേശ ബോർഡുകളോ, ബന്ധപ്പെട്ട ബോർഡിന് അപേക്ഷ ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കകം, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ അല്ലെങ്കിൽ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ, അതതു സംഗതി പോലെ, അപ്രകാരമുള്ള ക്ലിയറൻസോ, ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാതിരിക്കുകയോ പ്രസ്തുത അപേക്ഷ നിരസിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം, പ്രസ്തുത മുപ്പത് ദിവസക്കാലയളവ് അവസാനിച്ചതിനു ശേഷം, അതതു സംഗതി പോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകിയതായി കരുതപ്പെടേണ്ടതുമാണ്.

**　　　　**　　　　**　　　　**